*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

201st Issue - Volume 5, No.35 **ജാഗ്രത** 10th September 2011

" ഇപ്പോൾ മുതൽ സകല തലമുറവളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു."

(ലൂക്കാ 1: 48-49)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS




## പ്രധാന വാർത്തകൾ

"ദൈവം എപ്പോഴും നമ്മൾക്കു സമീപസ്ഥനാണ്."
ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ

---

ഓണാഘോഷത്തിൽ മദ്യം ഒഴിവാക്കണം:
കെസിബിസി

---

സെപ്തബർ 8 ലോകസാക്ഷരതാ ദിനം ആചരിച്ചു.

---

ആക്രമണങ്ങൾ അപലപനീയം: കെ.സി.ബി.സി.

---

വിദ്യാഭ്യാസം ഹൃദയത്തെ നവീകരിക്കും:
മാർ ജോസഫ് പെരുന്തോട്ടം

---

മൂല്യങ്ങളിലെ വളർച്ച സാമൂഹ്യവികസനത്തിന്റെ മാനദണ്ഡമാകണം: മാർ തോമസ് ചക്യത്ത്

---

യുകെഎസ്ടിസിഎഫ് കാലഘട്ടത്തിലിന്റെ ആവശ്യം:
മാർ പോളി കണ്ണൂക്കാടൻ

---

സാർവത്രിക സഭകളുടെ ഐക്യം അനിവാര്യം':
മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി

---

## ജാഗ്രതാ വാർത്ത

കേരളം ക്രിമിനലുകളുടെ പറുദീസ

---

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കണം:- സീറോ മലബാർ സഭ വിമൻസ് ഫോറം

---

## ചരിത്ര ജാഗ്രത

റവ. റോബർട്ട് കാൾഡ്വെൽ

## വാരാന്ത്യവീക്ഷണം

തെറ്റിദ്ധാരണ പരത്തുന്ന പ്രതികരണങ്ങൾ ഖേദകരം

## “ദൈവം എപ്പോഴും നമ്മൾക്കു സമീപസ്ഥനാണ്.”ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ

ദൈവം എപ്പോഴും നമ്മൾക്കു സമീപസ്ഥനാണ്. നമ്മുടെ പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും, വിഷമതകളിലും ജീവിതത്തിൽ അന്ധകാരം നിറയുമ്പോഴും അവിടുന്നു നമ്മോടു കൂടിയുണ്ട്. അവിടുന്നു നമ്മളെ തന്റേതായ വിധത്തിൽ കേൾക്കുകയും രക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മൾ അവിടത്തെ സാന്നദ്ധ്യം തിരിച്ചറിയുകയും ചെയ്യണം. സെപ്തബർ 7 ബുധനാഴ്ച വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ പൊതുജനത്തിനു നല്കുന്ന അഭിമുഖത്തിൽ സന്ദേശം നല്കികൊണ്ട് പരിശുദ്ധ പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ പറഞ്ഞു.

## ഓണാഘോഷത്തിൽ മദ്യം ഒഴിവാക്കണം: കെസിബിസി

മദ്യവും ധൂർത്തും ആർഭാടവുമില്ലാതെ ലളിതമായി ഓണം ആഘോഷിക്കാൻ എല്ലാവർക്കും സാധിക്കണമെന്നു കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി) അഭ്യർഥിച്ചു. ഉപഭോഗവസ്തുക്കളും വസ്ത്രവും വാങ്ങിക്കൂട്ടി വിഭവസമൃദ്ധമായ ഭക്ഷണം ആസ്വദിച്ച് പലരും ഓണം ആഘോഷിക്കുമ്പോൾ ഇതിനൊന്നും സാധിക്കാത്ത പാവപ്പെട്ടവരെക്കുറിച്ചു ചിന്തിക്കാനും അവർക്കുവേണ്ടി ത്യാഗപൂർവം നമുക്കുള്ളതു പങ്കുവയ്ക്കാനും സാധിക്കണം. മലയാളിയുടെ ആഘോഷത്തിന്റെ ഭാഗമായി മാറിയിരിക്കുന്ന മദ്യമെന്ന സാമൂഹിക വിപത്ത് ഓണത്തിൽനിന്നു പൂർണമായി ഒഴിവാക്കണം. മദ്യമില്ലാതെ ഓണം ആഘോഷിക്കാൻ നമുക്കു കഴിയണം. സാഹോദര്യവും ഐക്യവും സ്നേഹവും നന്മയും ദേശസ്നേഹവും പങ്കുവയ്ക്കാനും വളർത്താനും ഓണാഘോഷങ്ങളിലൂടെ സാധിക്കണം. എല്ലാ മലയാളികൾക്കും സമാധാനത്തിന്റെയും സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഈശ്വരാനുഗ്രഹത്തിന്റെയും ഓണം ആശംസിക്കുന്നതായും കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ അറിയിച്ചു.

## സെപ്തബർ 8 ലോകസാക്ഷരതാ ദിനം ആചരിച്ചു.

സെപ്തബർ 8-ാം തീയതി ലോകമെമ്പാടും ലോകസാക്ഷരതാ ദിനമായി ആചരിച്ചു. വിദ്യാഭ്യാസരംഗത്ത് ഏറ്റവും സജീവമായി ഇടപെടുന്ന സമൂഹം എന്ന നിലയിൽ ക്രൈസ്തവസഭകൾ ഈ ആചരണം നിരക്ഷരർ ഏറെയുള്ള രാജ്യങ്ങളിൽ പ്രത്യേകമായി ആചരിച്ചു.

2010 ൽ യുനെസ്കോ (UNESCO) പ്രസിദ്ധീകരിച്ച റിപ്പോർട്ട് അനുസരിച്ച് 80 കോടി നിരക്ഷരർ ആണ് ലോകം എമ്പാടും ഉള്ളത്. അതിൽ 7കോടി കുട്ടികളാണ്. ബാലവേലയും നിശ്ചയദാർഢ്യമില്ലാത്ത സർക്കാരുകളും നിരക്ഷരത നിലനില്ക്കാൻ കാരണമാണ്. വർദ്ധിച്ച അഴിമതിയും സാക്ഷരതാപ്രവർത്തനങ്ങളെ ബാധിക്കുന്നു.

ഇന്ത്യയിൽ സാക്ഷരതാ ശതമാനം ഏറ്റവും കൂടുതൽ കേരളത്തിലാണ്. വിദ്യാഭ്യാസരംഗത്ത് നൂറ്റാണ്ടുകളുടെ പ്രവർത്തന ചരിത്രമുള്ള ക്രൈസ്തവ സഭകളും മറ്റു സമുദായങ്ങളും കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ വ്യാപനവും നിലവാരവും വർദ്ധിപ്പിച്ചു.

## ആക്രമണങ്ങൾ അപലപനീയം: കെ.സി.ബി.സി.

ഡൽഹി ഹൈക്കോടതിവളപ്പിൽ 2011 സെപ്തംബർ 7-ന് നടന്ന ബോംബ് സ്ഫോടനം അപലപനീയമാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. സ്ഫോടനത്തിൽ പതിനൊന്നു പേർ മരിക്കുകയും തൊണ്ണൂറോളം പേർക്ക് പരുക്കേൽക്കുകയുമുണ്ടായി. മരണമടഞ്ഞവരുടെ ആത്മശാന്തിക്കുവേണ്ടിയും പരുക്കേറ്റ് ആശുപത്രികളിൽ കഴിയുന്നവരുടെ സൗഖ്യത്തിനുവേണ്ടിയും പ്രാർത്ഥിക്കാൻ കെ. സി.ബി.സി. ഏവരോടും അഭ്യർത്ഥിച്ചു. രാജ്യത്തിന്റെ സമാധാനവും ഐക്യവും തകർക്കാൻ ലക്ഷ്യമിട്ടവരാണ് ആക്രമണത്തിന് പിന്നിലെന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്ത് നിരന്തരമായി ആക്രമണങ്ങൾ അഴിച്ചുവിടാൻ ഭീകരർക്ക് സാധിക്കുന്നതിനെക്കുറിച്ച് അതീവ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുടെ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കാൻ പരിശ്രമിക്കുന്ന ശക്തികളെ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. ദേശീയ സുരക്ഷയ്ക്കും പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കാൻ ഭരി

ക്കുന്ന സർക്കാരുകൾക്ക് ഉത്തരവാദിത്ത്വമുണ്ട്. രാജ്യത്തെ രക്ഷിക്കുന്നതിൽ നമ്മുടെ സുരക്ഷാസംവിധാനങ്ങൾ പരാജയപ്പെടുന്നതിലേക്കാണ് ഡൽഹി സ്ഫോടനവും വിരൽ ചൂണ്ടുന്നത്. ഭീകരവാദികളുടെ ആക്രമണങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് അവയെ നേരിടാൻ തക്കവിധം നമ്മുടെ ക്രമസമാധാനഭരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. സമുദായങ്ങൾക്കും മതങ്ങൾക്കും അതീതമായി ദേശസ്നേഹവും സാഹോദര്യവും വിശ്വമാനവികതയും വളർന്നുവരുന്ന ഭാവി പൗരന്മാരിൽ രൂപപ്പെടുത്തുന്ന രീതിയിൽ നമ്മുടെ വിദ്യാഭ്യാസ പരിശീലനപരിപാടികൾ പുനഃസംഘടിപ്പിക്കാനും ഭീകരവാദത്തെയും ആക്രമണത്തെയും നേരിടാനുള്ള നടപടികളും സ്വീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സന്നദ്ധരാകണമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ചു ബിഷപ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ, സെക്രട്ടറി ജനറൽ ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്തമായി അഭിപ്രായപ്പെട്ടു.

## വിദ്യാഭ്യാസം ഹൃദയത്തെ നവീകരിക്കും: മാർ ജോസഫ് പെരുന്തോട്ടം

---



വിദ്യാഭ്യാസം വിദ്യാർഥികളുടെ ഹൃദയങ്ങളെ സംസ്കരിക്കുന്ന പ്രക്രിയയാണെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ദീപിക ബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി എസ്എച്ച് ഹയർസെക്കൻഡറി സ്കൂളിൽ നടന്നുവരുന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ അധ്യാപകദിന സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്. നല്ല മനുഷ്യരായി ജീവിക്കാൻ ഓരോ വിദ്യാർഥിയും ഹൃദയത്തിൽ മാനവിക, ആത്മീയ മൂല്യങ്ങൾ സംസ്കരിച്ചെടുക്കണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. അധ്യാപകദിനാഘോഷത്തിന്റെ ഭാഗമായി ക്യാമ്പിൽ നടത്തിയ ഗുരുവന്ദനം പരിപാടിയിൽ കുട്ടികളുടെ പ്രതിനിധിയായ സെബിൻ ബിജുവിനെ ആർച്ച്ബിഷപ് അനുഗ്രഹിച്ചു.

## മൂല്യങ്ങളിലെ വളർച്ച സാമൂഹ്യവികസനത്തിന്റെ മാനദണ്ഡമാകണം: മാർ തോമസ് ചക്യത്ത്

---



സാമ്പത്തിക ഉന്നമനത്തിനൊപ്പം സംസ്കാരത്തിലും മൂല്യങ്ങളിലുമുള്ള വളർച്ച സാമൂഹ്യവികസനത്തിന്റെ മാനദണ്ഡമാകണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് പറഞ്ഞു. അതിരൂപത വെൽഫെയർ സർവീസസിന്റെ പഞ്ചവാർഷിക പദ്ധതി ആസൂത്രണ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. താത്കാലിക ലാഭം മാത്രം ലക്ഷ്യമിടുന്ന വികസന സമീപനങ്ങൾക്കു മാനുഷിക മുഖം ഉണ്ടാവില്ലെന്നും അവ ശാശ്വതമാകില്ലെന്നും മാർ ചക്യത്ത് കൂട്ടിച്ചേർത്തു.

## യുകെഎസ്ടിസിഎഫ് കാലഘട്ടത്തിലിന്റെ ആവശ്യം: മാർ പോളി കണ്ണൂക്കാടൻ

---



യുണൈറ്റഡ് കിംഗ്ഡം സെന്റ് തോമസ് കാത്തലിക് ഫോറം എന്ന ആത്മമായ കൂട്ടായ്മ സഭാമക്കളുടെ ഐക്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടിയുള്ള കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് ഇരിങ്ങാലക്കുട രൂപത യുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പ്രസ്താവിച്ചു. സഭാപിതാക്കന്മാരൊടത്ത് ചിന്തിച്ചും പ്രവർത്തിച്ചും അതോടൊപ്പം തന്നെ യുകെയിൽ അങ്ങോളം മിങ്ങോളം ശുശ്രൂഷയിൽ വ്യാപ്രതരായിരിക്കുന്ന വൈദിക വൃന്ദത്തോട് ചേർന്നു കൊണ്ടും ഈ ദൗത്യം പൂർത്തീകരിക്കുവാൻ യുകെഎസ്ടിസിഎഫിന് സാധിക്കുക തന്നെ ചെയ്യും എന്ന് പിതാവ് തന്റെ സന്ദേശത്തിൽ പറഞ്ഞു. യു.കെയിലെ ഏറ്റവും നല്ല ആത്മീയ സംഘടന യായി യുകെഎസ്ടിസിഎഫ്. മാറുന്നതോടെപ്പം തന്നെ ഈ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ചിതറികിടക്കുന്ന എല്ലാ മാർതോമാ മക്കളുടെയും ഐക്യവും കൂട്ടായ്മയും കൂടെ മുന്നിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം യുകെഎസ്ടിസിഎഫിന് ഉണ്ടെന്ന് പോളി പിതാവ് പറഞ്ഞു.

## സാർവത്രിക സഭകളുടെ ഐക്യം അനിവാര്യം': മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി

---



വിവിധ വിശ്വാസങ്ങളും സംസ്കാര വൈരുധ്യങ്ങളും ഉൾക്കൊണ്ട് ഏക മതമായി പ്രവർത്തിക്കാൻ സമൂഹം തയാറാകണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി. ഹൈറേഞ്ചുമേഖല അജപാലന സന്ദർശനത്തിന്റെ ഭാഗമായി ഉപ്പുതറ സെന്റ് മേരീസ് പള്ളിയിൽ സന്ദേശം നൽകുകയായിരുന്നു മേജർ ആർച്ചബിഷപ്. സാർവത്രിക സഭയുടെ

കൂട്ടായ്മ ഉണ്ടാവുകയും സഭകൾ ഐക്യപ്പെടുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് മേജർ ആർച്ച്ബിഷപ് പറഞ്ഞു. പല സംസ്കാരങ്ങൾ കൂട്ടിച്ചേർത്ത് ഒരൊറ്റ സംസ്കാരമായി നാടിന്റെയും സമൂഹത്തിന്റെയും ഉന്നതിക്കായി പ്രവർത്തിക്കണം. പരസ്പരം സഹകരിച്ചും ആശ്രയിച്ചും ജീവിക്കുന്ന സമൂഹത്തിനേ വളരാനാകൂ. കാരുണ്യ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സഭയുടെ മുഖമുദ്രയാണ്. ഹൈറേഞ്ച് കുടിയേറ്റത്തിന്റെ മൂന്നാംതലമുറക്കാരായ നിങ്ങൾ രണ്ടാം പ്രക്ഷോഭത്തിലാണ്. കുടിയേറ്റത്തിന്റെ ക്ലേശങ്ങളും വൈഷമ്യങ്ങളും ഇപ്പോഴും നിലനിൽക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ട് ഉയർത്തുന്ന ഭീഷണിയും കൈവശഭൂമിക്ക് പട്ടയം നിഷേധിക്കുന്നതും എല്ലാം ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. കുടിയേറ്റ കർഷകരുടെ പ്രശ്നപരിഹാരത്തിന് സീറോ മലബാർ സഭ എന്നും കർഷകർക്കൊപ്പം ഉണ്ടാകുമെന്നും മേജർ ആർച്ചുബിഷപ് പ്രഖ്യാപിച്ചു. ചപ്പാത്തിലെ മുല്ലപ്പെരിയാർ സമരപ്പന്തലിൽ എത്തി സമരം നടത്തുന്നവർക്ക് പിന്തുണ പ്രഖ്യാപിച്ചതായും മേജർ ആർച്ച്ബിഷപ് അറിയിച്ചു. വൈദിക നേതൃത്വം അംഗീകരിച്ച് മുന്നേറാൻ സഭാമക്കൾ തയാറാകണം. അല്ലെങ്കിൽ ദൈവജനം ഇല്ലാതാകും - ആർച്ചുബിഷപ് പറഞ്ഞു. കാഞ്ഞിരപ്പള്ളി, ഇടുക്കി രൂപതകൾ ഉൾക്കൊള്ളുന്ന ഹൈറേഞ്ച് പ്രദേശം കുടിയേറ്റ രൂപതകളാണ്. ഏറെ കഷ്ടതകൾ നിറഞ്ഞതായിരുന്നു കുടിയേറ്റത്തിന്റെ ആദ്യ കാലങ്ങളെന്ന് അദ്ദേഹം അനുസ്മരിച്ചു. എംഡിഎസ്, പിഡിഎസ് ഉൾപ്പെടെയുള്ള നിരവധി സംഘടനകളുടെ വികസന - കാരുണ്യ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്നും കാഞ്ഞിരപ്പള്ളി രൂപത ഇക്കാര്യത്തിൽ മറ്റ് രൂപതകളേക്കാൾ മുൻപന്തിയിലാണെന്നും മേജർ ആർച്ച് ബിഷപ് പറഞ്ഞു. ഹൈറേഞ്ച് മേഖലയിലെ മരിയൻ തീർഥാടനം പരപ്പിൽ നിന്നാരംഭിച്ച് ഉപ്പുതറ ഫൊറോന പള്ളിയിൽ സമാപിച്ചു. വിവിധ ഇടവകകളിൽ നിന്നായി ആയിരക്കണക്കിന് വിശ്വാസികളാണ് പങ്കെടുത്തത്.

## ജാഗ്രതാ വാർത്ത

### കേരളം ക്രിമിനലുകളുടെ പറുദീസ

6/9/2011

ദൈവത്തിന്റെ സ്വന്തം നാട് ക്രിമിനലുകളുടെ പറുദീസയായി മാറിക്കഴിഞ്ഞ യാഥാർത്ഥ്യം ഇനുയും നാം അവഗണിച്ചിട്ട് കാര്യമില്ല. സെക്സ്-പെൺവാണിഭ റാക്കറ്റുകളും ഗുണ്ടാ-മാഫിയയും മദ്യ-മണൽ-മണി-മാഫിയയും മറ്റിതര തട്ടിപ്പ്-വെട്ടിപ്പ്-മോഷണ-പിടിച്ചുപറി സംഘങ്ങളും മത-രാഷ്ട്രീയ-ഉദ്യോഗസ്ഥ - സംഘടനാ അതിർവരമ്പുകൾ ലംഘിച്ച് തകർത്താടുന്ന ദുരന്തപൂർണമായ അവസ്ഥയിലാണിന്ന് നമ്മുടെ കൊച്ചു കേരളം.

വിവിധ കാമ്പയിനുകളിലൂടെയും തങ്ങളുടെ സംഘടനാശേഷി പ്രകടിപ്പിക്കാൻ മത്സരിക്കുന്ന സമുദായ സംഘടനാ നേതൃത്വങ്ങൾ, സംഘടനാ അതിർവരമ്പുകൾക്കിടയിലൂടെ അനായാസം വളർന്നു പന്തലിക്കുന്ന ഇത്തരം ക്രിമിനൽ സംഘങ്ങളെ നിയന്ത്രിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ആവിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കെ.വി.അബ്ദുനൂർ,മലപ്പുറം(മാധ്യമം)

### സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കണം:- സീറോ മലബാർ സഭ വിമൻസ് ഫോറം

ജീവനും മാനത്തിനും പീഡനങ്ങൾ നേരിടുന്ന സ്ത്രീകൾ നീതിന്യായസംവിധാനങ്ങളിൽ പരാതിപ്പെടുമ്പോൾ കുറ്റവാളികളെപ്പോലെനിരീക്ഷിക്കപ്പെടുന്നത് ദുഃഖകരമാണ്.കേരളം വികസനത്തിന്റെപാതയിലെന്ന് കൊട്ടിഘോഷിക്കുമ്പോഴും ആ വാദങ്ങൾക്ക് തിരിച്ചടി നൽകുന്നതാണ് സ്ത്രീകളുടെ നേരെയുള്ള കടന്നാക്രമങ്ങൾ

## റവ. റോബർട്ട് കാൾഡ്വെൽ

റോബർട്ട് കാൾഡ്വെൽ 1813-ൽ അയർലണ്ടിൽ ജനിച്ചു. കാൾഡ്വൽ വളർന്നതും പഠിച്ചതും സ്കോട്ട്ലണ്ടിലായിരുന്നു. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ് കാൾഡ്വെൽ പോളിടെക്നിക്കിൽ ചേർന്ന് ചിത്രകല അഭ്യസിച്ചു. മതപരമായ കാര്യങ്ങളിലായിരുന്നു കൂടുതൽ താല്പര്യം. അക്കാലത്ത് ധാരാളം സ്കോട്ട്ലണ്ടുകാർ മിഷനറിമാരായും, അധ്യാപകരായും ഇന്ത്യയിലേയ്ക്ക് വന്നുകൊണ്ടിരുന്നു. കാൾഡ്വെൽ ഇരുപതാമത്തെ വയസ്സിൽ ലണ്ടൻ മിഷൻ സൊസൈറ്റിയിൽ അംഗമായി. എൽ. എം. എസ്സിലെ അംഗമെന്ന നിലയിൽ കാൾഡ്വെലിന് ഗ്ലാസ്ഗോ സർവകലാശാലയിൽ പ്രവേശനം ലഭിച്ചു. അവിടെ പഠിച്ച് ഡിഗ്രി സമ്പാദിച്ചു. സർവകലാശാലയിൽ കാൾഡ്വെന്റെ ഗ്രീക്ക് അധ്യാപകനായിരുന്ന സർഡാനിയെൽ സ്റ്റാൻഫോർഡ് താരതമ്യ ശാസ്ത്രത്തിൽ വളരെ തത്പരനായിരുന്നു.

ബി.എ. പാസ്സായ കാൾഡ്വെല്ലിനെ എൽ. എം. എസ്. പ്രവർത്തകർ ചെന്നൈയിലേയ്ക്കയച്ചു. തെലുങ്കു ഭാഷാ പണ്ഡിതനായ സി.പി. ബ്രൗൺ കപ്പലിൽ കാൾഡ്വെലിന്റെ സഹയാത്രികനായി ഉണ്ടായിരുന്നു. അതുകൊണ്ട് നാലുമാസം നീണ്ടുനിന്ന യാത്രയ്ക്കിടയിൽ നന്നായി തെലുങ്കു പഠിക്കുവാനും സംസ്കൃതം പഠിക്കുവാനും കഴിഞ്ഞു.

1838-ൽ കാൾഡ്വെൽ ചെന്നൈയിലെത്തി. താമസിയാതെ തമിഴ് ഭാഷ പഠിക്കാൻ തുടങ്ങി. മതപ്രചരണത്തിന് അതാതു ദേശത്തെ ഭാഷാ പഠനം അനിവാര്യമായിരുന്നു. 1841-ൽ കാൾഡ്വെല്ലിന് തിരുനൽവേലിക്ക് മാറ്റമായി. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്നതുകൊണ്ട് തിരുനൽവേലിക്കുള്ള

1841-ൽ നവംബർ മാസത്തിൽ തിരുനൽവേലിയിലെത്തിയ കാൾഡ്വെൽ ഇടയങ്കുടി എന്ന സ്ഥലത്ത് താമസമായി. അവിടെ സുവിശേഷപുരം എന്ന ഗ്രാമത്തിൽ മിഷൻ പ്രവർത്തനം നടന്നിരുന്നു. ഇടയങ്കുടിയിൽ കാലപ്പഴക്കംകൊണ്ട് നാശത്തിന്റെ വക്കിലെത്തിയ പള്ളിയും പാതിരി ബംഗ്ലാവും ഉണ്ടായിരുന്നു. ആദ്യമായി അത് പുതുക്കിപ്പണിയുകയാണ് ചെയ്തത്. 1857ൽ ദ്രാവിഡഭാഷകളുടെ താരതമ്യപഠനം എന്ന ഗ്രന്ഥം രചിച്ച് പ്രസിദ്ധപ്പെടുത്തി. പിന്നീട് അദ്ദേഹം പള്ളിയുടെ പണി പൂർത്തിയാക്കി, വേദപുസ്തകം തർജ്ജമചെയ്തു, തമിഴിൽ പ്രാർത്ഥനാ ഗീതങ്ങൾ രചിച്ചു, തന്റെ ചുറ്റും പാർത്തിരുന്ന പാവപ്പെട്ടവരുടെ കുടിലുകളെല്ലാം പുതുക്കിപ്പണിയിച്ചു കൊടുത്തു.

1879-ൽ കാൾഡ്വെല്ലിനെ ബിഷപ്പായി അഭിഷേകം ചെയ്തു. അക്കൊല്ലത്തെ മദ്രാസ് സർവകലാ ശാലയുടെ കോൺവൊക്കേഷൻ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. ഭാരതത്തിലെ ജനവർഗ്ഗം പ്രാചീനരും നവീനരുമായ മറ്റെല്ലാ ജനവർഗ്ഗങ്ങളെക്കാളും സാംസ്കാരികമായി മേന്മയുള്ളവരാണ്.

കാൾഡ്വെല്ലിന്റെ ഇംഗ്ലണ്ടു സന്ദർശനവേളയിൽ സുഹൃത്തുക്കൾ അദ്ദേഹത്തിനോട് അവസാനകാലം ഇവിടെത്തന്നെ ആകുന്നതല്ലേ നല്ലത് എന്നു ചോദിച്ചു. എനിക്ക് എന്റെ ജനങ്ങളുടെയിടയിൽ കിടന്നു മരിക്കാനാണിഷ്ടം. അതുകൊണ്ട് ഞാൻ തമിഴ് നാട്ടിലേയ്ക്കു പോകുന്നു. എന്നായിരുന്നു കാൾഡ്വല്ലിന്റെ മറുപടി. തമിഴ് ഭാഷയുടെയും, തമിഴകത്തിന്റെയും മഹത്വം ലോകത്തെ അറിയിക്കുക എന്നത് ദൈവനിയോഗമാണെന്നദ്ദേഹം വിശ്വസിച്ചു. മിഷനറി പ്രവർത്തനത്തിനായി ചെന്നൈയിലെത്തിയ റോബർട്ട് കാൾഡ്വൽ ഭാഷാശാസ്ത്രജ്ഞനായിട്ടാണ് അറിയപ്പെടുന്നത്.

## തെറ്റിദ്ധാരണ പരത്തുന്ന പ്രതികരണങ്ങൾ ഖേദകരം

ഇന്റെർചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷന്റെ നേതൃത്വത്തിലുള്ള കോളേജുകൾ മെരിറ്റനുസരിച്ചുമാത്രം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും നാല്പതുശതമാനംവരെ ഓപ്പൺ മോരിറ്റിൽ എല്ലാസമുദായങ്ങളിലുമുള്ള വിദ്യാർത്ഥികളെ സർക്കാർ നടത്തിയ പ്രവേശന പരീക്ഷയുടെയും യോഗ്യതാപരീക്ഷയുടെയും മാർക്കനുസരിച്ചുമാത്രം പ്രവേശനം നല്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഇതിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തി വർഗ്ഗീയത സൃഷ്ടിക്കാനുള്ള സാമുദായിക വിദ്യാഭ്യാസ സംഘടനാ നേതാവിന്റെ നീക്കം നിർഭാഗ്യകരമാണ്. സത്യത്തിനും നീതിക്കും നിരക്കാത്ത പ്രചരണങ്ങൾ അതും ഒരു സഹോദരസമൂഹത്തിനെതിരെ നടത്തുന്നത് ഖേദകരമാണ്. കേരളത്തിന്റെ സാംസ്കാരികപൈതൃകത്തിനു നിരക്കാത്തതാണ് ഈ രീതിയിലുള്ള പ്രസ്താവനകളും നീക്കങ്ങളും.

പത്തുശതമാനം സീറ്റിൽ മാത്രം ഓപ്പൺമെരിറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന സർക്കാരുമായി കരാർ ഒപ്പിട്ടിരിക്കുന്ന കോളേജുകളുടെ നിലപാടുകളെ ന്യായീകരിക്കുന്നതിനു വേണ്ടിയാണ് ഇന്റെർചർച്ച് കൗൺസിൽ നൂറുശതമാനം സീറ്റിലും സ്വന്തമായി പ്രവേശനം നടത്തുന്നുവെന്ന് ചില സാമുദായിക വിദ്യാഭ്യാസ സംഘടനാ നേതാക്കൾ പ്രസ്താവന ഇറക്കിയിരിക്കുന്നത്. കരാറുകാർ നല്കുന്ന അത്രയും തന്നെയും അതിൽ കൂടുതലും പട്ടികജാതി പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ഇന്റെർചർച്ച് കൗൺസിൽ പ്രവേശനം നല്കുന്നുണ്ട്. 29% മുസ്ലിം വിദ്യാർത്ഥികൾ തന്നെയുള്ള ബാച്ചുകൾ ഈ കോളേജുകളിൽ ഉണ്ടെന്നകാര്യം വിസ്മരിച്ചുകൂട. പുഷ്പഗിരി മെഡിക്കൽ കോളേജിലെ ചില ബാച്ചിൽ 32% ഹൈദവ സഹോദരങ്ങളുടെ കുട്ടികൾ പഠിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഈ കോളേജുകൾക്ക് ഏതാണ്ടു മുഴുവൻ സീറ്റുകൾ തന്നെയും തങ്ങളുടെ മത ന്യൂനപക്ഷസമുദായത്തിനുവേണ്ടി നീക്കി വയ്ക്കാൻ അവകാശം ഉള്ളപ്പോഴാണ് ഇങ്ങനെ നാല്പതു ശതമാനം വരെ സീറ്റുകൾ ഓപ്പൺ മെറിറ്റിൽ നല്കുന്നത്. യാഥാർത്ഥ്യങ്ങൾ ഇതാണന്ന് പൊതുസമൂഹത്തിന് അറിയാമായിരിക്കെ തെറ്റിദ്ധാരണ പരത്തി വർഗ്ഗീയതയും വിഭാഗീയതയും സൃഷ്ഠിക്കാനുള്ള ശ്രമം ഏറ്റവും കുറച്ചു പറഞ്ഞാൽ നിർഭാഗ്യകരമാണ്.

ഹിന്ദുക്കളെപ്പോലെ തന്നെ ഇന്ത്യയിലെ മുസ്ലീംങ്ങളെയും ദളിതരെയും ഞാൻ പ്രതിനിധീകരിക്കുന്നു എന്നു പറഞ്ഞ ഗാന്ധിജിയോട് മുസ്ലീംങ്ങളെ താങ്ങൾ പ്രതിനിധീകരിക്കേണ്ടതില്ല എന്നു പറഞ്ഞ ജിന്നയുടെ ശൈലിയാണ് താൻ സ്വീകരിക്കുന്നത് എന്ന് അഭിമുഖത്തിൽ പറഞ്ഞ എം. ഇ. എസ്. നേതാവ് മറ്റു മത ന്യൂനപക്ഷങ്ങൾ തങ്ങളുടെ ഭരണഘടനാപരമായ സ്വാതന്ത്ര്യം ത്യജിക്കണമെന്നു പറയുന്നത് വിചിത്രമാണ്. എം. ഇ. എസും മറ്റും സംവരണവും ന്യൂനപക്ഷാവകാശവുമുള്ള സാമുദായിക വിദ്യാഭ്യാസ സംഘടനയാണ്. എന്നാൽ ക്രൈസ്തവരിൽ നല്ലപങ്കിനും ന്യൂനപക്ഷാവകാശം മാത്രമേയുള്ളു. ന്യൂനപക്ഷങ്ങൾ തങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യം വേണ്ടെന്നു വച്ചാൽ സംവരണത്തിലൂടെ അതെല്ലാം സ്വന്തമാക്കാമെന്നു കരുതുന്നവർ ഉണ്ട്.

തങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സംവരണവും മതസാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കാനുള്ള ന്യൂനവക്ഷാവകാശവും ഉള്ളവർ തന്ത്രപൂർവ്വം ന്യൂനവക്ഷാവകാശം മാത്രമുള്ളവർ തങ്ങളുടെ നിലനില്പിനുള്ള അവകാശം ത്യജിക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ കാപട്യം തിരിച്ചറിയാൻ സാമാന്യബുദ്ധി ഉള്ളവർക്കു കഴിയും. ഭീഷണിയും അക്രമവും ആക്ഷേപിക്കലും ഭയന്ന് മൗലികാവകാശങ്ങൾ ത്യജിക്കാൻ ജനാധിപത്യ ഭാരതത്തിൽ ആരെങ്കിലും തയ്യാറാകുമെന്നു കരുതുന്നവർ വിഢികളുടെ സ്വർഗ്ഗത്തിലാണ്.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA